**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 338** | **01-07-2024 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നിർമ്മാണ മേഖലയിലെ ആകെ തൊഴിലാളികളിൽ ഗണ്യമായ പങ്ക് ജോലി ചെയ്യുന്ന പരമ്പരാഗത വ്യവസായങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നൽകാൻ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭ ങ്ങളാരംഭിക്കുന്നതിന് വിപുലമായ പിന്തുണ നൽകാനും സ്ത്രീ സംരംഭകരുൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ബാങ്കുമായി ബന്ധിപ്പിച്ച പദ്ധതികളിൽ ഉചിതമായ പരിഗണന നൽകിക്കൊണ്ട് ഒറ്റത്തവണ സഹായം നൽകാനുമായി 'ആശ' പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.<br><br>പരമ്പരാഗത ആർട്ടിസാൻമാരെ ഒരു കുടയ്ക്കു കീഴിൽ കൊണ്ടുവരുന്നതിനു വേണ്ടി 'ആർട്ടിസാൻ ലേബർ ഡേറ്റാബാങ്ക്' എന്ന പദ്ധതി കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കാഡ്കോ) മുഖാന്തിരം നടപ്പിലാക്കുന്നുണ്ട്. 19,612 ആർട്ടിസാന്മാർ ലേബർ ഡേറ്റാ ബാങ്കിൽ രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. വാർഡ് തലത്തിലുള്ള ആർട്ടിസാൻമാരെ ന്യായമായി വേതന വ്യവസ്ഥകളോടെ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനും അതുവഴി അവരവരുടെ താമസസ്ഥലത്തിന് അടുത്തു തന്നെയുള്ള തൊഴിൽ ലഭ്യത പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതിയായാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്.<br><br>കയർ വ്യവസായ രംഗത്ത് യന്ത്രവൽക്കരണവും ആധുനികവൽക്ക രണവും നടപ്പാക്കുന്നതോടൊപ്പം തൊഴിലാളി കളുടെ തൊഴിലും കൂലിയും പൂർണ്ണമായും സംരക്ഷിക്കുന്നതിന് രണ്ടാം കയർ പുനഃസംഘടന വഴി കഴിഞ്ഞു. കയർ മേഖലയുടെ പുനഃരുദ്ധാരണത്തിനും തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. |

| | | | |
|---|---|---|---|
| | | | കേരള സംസ്ഥാന ബാംബൂ മിഷൻ മുള, കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിന് അടിസ്ഥാന പരിശീലനം നൽകുന്നുണ്ട്. നൈപുണ്യ വികസനം, ഡിസൈൻ ഡെവലപ്പ്മെന്റ്, വർക്ക്ഷോപ്പുകൾ, ദേശീയ അന്തർ ദേശീയ വിപണനമേളകളിൽ കേരള കരകൗശലക്കാരെ പങ്കെടുപ്പിക്കുക, സംരംഭകത്വ പ്രോത്സാഹനങ്ങൾ നൽകുക, മുള ഉത്പന്നങ്ങളുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയും മിഷൻ വഴി നടപ്പാക്കുന്നു.<br><br>കൈത്തറി മേഖലയിൽ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയതിലൂടെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം കൈത്തറി മേഖലയിൽ യുവതീ-യുവാക്കളെ ആകർഷിക്കുന്ന യുവവീവ് പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>**കളിമൺ** ഉൽപ്പന്ന നിർമ്മാണത്തിന് സഹായവും പ്രോത്സാഹനവും നൽകുന്നതിന്, കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ (KSPMMWDC) ചെറുകിട നിർമ്മാതാക്കൾക്ക് വ്യക്തിഗത/ഗ്രൂപ്പ് വായ്പകൾ കുറഞ്ഞ പലിശ നിരക്കിൽ നൽകുന്നു.<br><br>സംസ്ഥാനത്തെ കയർ, കശുവണ്ടി, കൈത്തറി വ്യവസായ മേഖലകൾ നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും പ്രതിസന്ധി മനസ്സിലാക്കി മേഖലകളുടെ സമഗ്ര വികസനം ഉറപ്പു വരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി വിദഗ്ധ സമിതികൾ രൂപീകരിച്ചു. കയർ, കശുവണ്ടി കമ്മിറ്റി ശിപാർശകൾ നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പരമ്പരാഗത വ്യവസായ മേഖലകളുടെ നവീകരണത്തിലൂടെ പുതിയ തൊഴിലവസരങ്ങൾ രൂപപ്പെടുത്താമെന്നത് കണക്കിലെടുത്ത് കയർ, കശുവണ്ടി, കൈത്തറി, ഖാദി എന്നിവയുൾപ്പെടെയുള്ള പരമ്പരാഗത വ്യവസായങ്ങളുടെ നവീകരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. വിപണി മൂല്യമുള്ള ഉല്പന്നങ്ങൾ നവീന ഡിസൈനുകളിൽ നിർമ്മിച്ചെടുക്കുന്നതിന് പരമ്പരാഗത **കയർ** തൊഴിലാളികളെ പ്രാപ്തമാക്കും വിധം നൈപുണ്യ വികസന പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (എൻ ഐ ഡി) ഭോപ്പാലുമായി ചേർന്ന് ഇതിനകം പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>കയർ മേഖലയിൽ യന്ത്രവൽക്കരണ ത്തിന്റെ ഭാഗമായി 136 ഡി.എഫ് മില്ലുകൾ പ്രവർത്തനക്ഷമമാക്കി. കൂടാതെ നിരവധി സ്വകാര്യ സംരംഭകരും ചകിരി ഉത്പാദന രംഗത്തേയ്ക്ക് കടന്നു |

വന്നു. 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സംഘങ്ങളിൽ സ്ഥാപിച്ചു. ഇതോടൊപ്പം മാനേജീരിയൽ സബ്സിഡി, വർക്കിംഗ് ക്യാപ്പിറ്റൽ ഇനത്തിലും എല്ലാ വർഷവും സഹായം നൽകി വരുന്നു.

കരകൗശല മേഖലയിൽ പരമ്പരാഗത മരപ്പണിക്കാർക്ക് ആധുനിക തൊഴില്പ പകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം വിവിധ തരം ടൂൾകിറ്റുകൾ വിതരണത്തിനു ലഭ്യമാക്കി വരുന്നു. കഴിഞ്ഞ മൂന്നു വർഷമായി ആർട്ടിസാൻമാർക്ക് ലോണുകൾ നൽകുകൾ വഴി 89 ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കുകയും അതുവഴി 178 പേർക്ക് തൊഴിൽ ലഭ്യമാക്കുവാനും സാധിച്ചു.

ജീവനോപാധികൾ നഷ്ടപ്പെട്ട അവസ്ഥയിലുള്ള ചെറുകിട–ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനം ഉറപ്പ വരുത്തുകയും ആധുനികവത്ക്കരണത്തിനുള്ള മൂലധന സഹായവും പലിശ സഹായവും നൽകുന്ന തിനായി 7 കോടി രൂപ 2022-23 ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുത്തുകയും ഇതിൽ 2.24 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തു. കൂടാതെ 2023-24 സാമ്പത്തിക വർഷം ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി 1 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ഇതിൽ 37.28 ലക്ഷം രൂപ ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യ വികസനം, നവീകരണം, ഭാഗിക യന്ത്രവൽക്കരണം എന്നിവയ്ക്കായി സർക്കാർ അനുവദിച്ച് നൽകിയിട്ടുള്ള തുക വിനിയോഗിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളും ആധുനിക വൽക്കരിച്ചിട്ടുള്ളതും തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുള്ളതുമാണ്.

പരമ്പരാഗത വ്യവസായ മേഖലകളുടെ നവീകരണത്തിലൂടെ പുതിയ തൊഴില വസരങ്ങൾ രൂപപ്പെടുത്താമെന്നത് കണക്കിലെടുത്ത് **കൈത്തറി** മേഖലയിലും നവീകരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൈത്തറിയുടെ നവീകരണം/ ആധുനിക വത്കരണം എന്നിവ ലക്ഷ്യമാക്കി ഗവേഷണത്തിനും, വികസനത്തിനുമായി ഐഐടി ചെന്നൈയുമായി സഹകരിച്ച് 30 ലക്ഷത്തിന്റെ

| | | | |
|---|---|---|---|
| | | | പ്രോജക്ട് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരികയാണ്.<br><br>**ഖാദി** വ്യവസായത്തെ കാലാനുസൃതമായി ആധുനികവൽക്കരിക്കുന്നതിനും വൈവിധ്യ വത്കരിക്കുന്നതിനും ഫലപ്രദമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഖാദി മേഖലയുടെ സമഗ്ര മാറ്റത്തിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ചെന്നൈ ഐ.ഐ.ടി.യെ ചുമതലപ്പെടുത്തി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അതനുസരിച്ച് short term, long term പ്ലാനുകൾ നടപ്പാക്കി വരുന്നു. ഖാദി ബോർഡ് ഖാദി ഗ്രാമ വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കുന്ന തരത്തിൽ ഖാദി നൂല്പ്/നെയ്ത്ത് ഉപകരണങ്ങൾ നവീകരിക്കുന്നതിനും, ഖാദി വസ്ത്ര മേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി ഖാദി മേഖല ആധുനികവത്ക്കരിക്കുന്നതിനും അതിനായി വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഖാദി മേഖലയിൽ സോളാർ ചർക്കകൾ സ്ഥാപിക്കുന്നതു സംബന്ധിച്ചും നടപടികൾ സ്വീകരിച്ചുവരുന്നു. ഖാദി നെയ്ത്ത്/നൂല്പ് ഉപകരണങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി ഡ്യൂവൽ ഡ്രീവൻ മെക്കാനിസമുള്ള ചർക്ക തയ്യാറാക്കി വിതരണം ചെയ്തു വരുന്നു. |
| (സി) | സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ കാലാനുസൃതമായി ആധുനികവൽക്കരിക്കുന്നതിനും വൈവിധ്യവത്കരിക്കുന്നതിനും ഫലപ്രദമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ കാലാനുസൃതമായി ആധുനികവൽക്കരിക്കുന്നതിനും ഫലപ്രദമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനു മായി ONDC Platform, E-Shoppe Platform, GEM Platform എന്നിവ വഴി ആർട്ടിസാൻ ഉല്പന്നങ്ങൾ വിൽപന നടത്തുന്നതിന് സഹായിക്കുന്നു.<br><br>പരമ്പരാഗത കരകൗശല മേഖലയുടെ വികസനത്തിനായി ടി മേഖലയിലുള്ള സുരഭി, കാഡ്കോ, കരകൗശല വികസന കോർപ്പറേഷൻ, കെൽപാം എന്നീ സ്ഥാപനങ്ങളുടെ ആധുനികവത്കരണം, സാങ്കേതിക നവീകരണം, മറ്റ് മൂലധന പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കായി 50 |

ലക്ഷം രൂപ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിട്ടുണ്ട്.

കയർ വ്യവസായം ആധുനികവത്ക്കരണത്തിന്റെ ഭാഗമായി ഓട്ടോമാറ്റിക് ലൂമുകൾ, ഡിഫൈബറിംഗ് മെഷീനുകൾ, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഇ-റാട്ടുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി പരമ്പരാഗത കയർ തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനവും നൽകി വരുന്നുണ്ട്.

NCRMI വികസിപ്പിച്ചെടുത്ത ചകിരിച്ചോറിൽ നിന്നുള്ള ഉല്പന്നങ്ങളായ കൊകോഫെർട്, കൊക്കോപിത്ത് ബ്രിക്കറ്റ്, ഇനോക്കുലേറ്റഡ് കൊക്കോപിത്ത് എന്നിവ ഉല്പാദിപ്പിച്ച് കയർഫെഡ് വിതരണം ചെയ്യുന്നുണ്ട്. കയർ ഭൂവസ്ത്രത്തിന്റെ ഉല്പാദനവും വിപണനവും പ്രോത്സാഹി പ്പിക്കുന്നുണ്ട്.

ഖാദി തുണിത്തരങ്ങളെ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ഒട്ടുമിക്കജില്ലകളിലും റെഡിമെയ്ഡ് വസ്ത്രങ്ങൾ ആധുനികരീതിയിൽ ഡിസൈൻ ചെയ്ത് വിപണിയിൽ ഇറക്കിയിട്ടുണ്ട്. ഇതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരളയുമായി സഹകരിച്ച് ഫാഷൻഷോ സംഘടിപ്പിക്കുകയും ടി സ്ഥാപനത്തിൽനിന്നും ബിരുദം നേടി ഇറങ്ങുന്ന ഉദ്യോഗാർഥികൾക്ക് ഖാദിയുടെ തനിമ ചോരാത്ത രീതിയിൽ ഫാഷൻ ഡിസൈനിംഗിനായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ അവസരങ്ങൾ നൽകുകയും ചെയ്തു വരുന്നു. നവീനമായ വസ്ത്ര വൈവിധ്യങ്ങൾ വിപണിയിൽ എത്തിക്കുന്ന തിനായി പുതിയ ഡിസൈനിലുള്ള വസ്ത്രങ്ങൾ, കിഡ്സ് വെയർ, ലേഡീസ് ടോപ്സ്, ബർമുഡ, ഖാദി കൂൾ എന്ന പേരിൽ ഖാദി പാന്റ്സ്, ഡോക്ടർസ്/നേഴ്സസ് കോട്ട് തുടങ്ങിയവ വിപണിയിൽ ലഭ്യമാക്കി.

ഖാദി ലോക ശ്രദ്ധയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി ഖാദി ഉല്പന്നങ്ങളുടെ വിൽപ്പനയ്ക്ക് വിദേശത്തും അവസരം ഒരുക്കി. കൂടാതെ ഈ വർഷം മുതൽ ജർമനിയിലെ MORE LIFE STYLE എന്ന സ്ഥാപനവുമായി സഹകരിച്ച് ഖാദി കിഡ്സ് വെയർ ജർമനിയിലേയ്ക്ക് കയറ്റി അയക്കാൻ ആരംഭിച്ചു.

**കാപെക്സിന്റെ** കാഷ്യൂ ഫാക്ടറികളിൽ കാലാനുസൃതമായുള്ള വൈവിധ്യവൽക്കരണ ത്തിന്റെ ഭാഗമായി കശുമാങ്ങയിൽ നിന്നും വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണിയിൽ ഇറക്കാൻ കാപെക്സ് തൃശ്ശൂരിലെ കാർഷിക സർവകലാശാലമായി ചേർന്ന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. സർക്കാർ

| | | | |
|---|---|---|---|
| | | | ഔട്ട്‌ലെറ്റുകളായ കേരള പോലീസ് കാന്റീനുകൾ, സപ്ലൈകോ, ഷിപ്പിയാർഡ് കാന്റീൻ, മറ്റ് ഫ്രാഞ്ചൈസികൾ, കാപ്പക്സിന്റെ സ്വന്തം ഔട്ട്‌ലെറ്റുകൾ എന്നിവ വഴി കാപെക്സ് കാഷ്യൂസ് വിറ്റ് വരുന്നു. കേന്ദ്രസർക്കാരിന്റെ ഓൺലൈൻ പ്ലാറ്റ്ഫോം ആയ ONDC വഴി വില്പന നടക്കുന്നു.<br><br>കശുവണ്ടി ഉല്പന്നങ്ങൾ ആഭ്യന്തര വിപണിയിൽ ലഭ്യമാകത്തക്ക വിധത്തിൽ **കാഷ്യൂ കോർപ്പറേഷൻ** കേരളത്തിലുടനീളം വിപണന ശൃംഖല ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി കോർപ്പറേഷൻ ഫാക്ടറികളിൽ ഇപ്പോൾ 18 ഔട്ട്‌ലെറ്റുകൾ സ്ഥാപിക്കുകയും അത് വഴി കശുവണ്ടി പരിപ്പും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വിപണനം നടത്തി വരുന്നു. ഇത് കൂടുതൽ ഫാക്ടറികളിലേക്ക് വ്യാപിപ്പിക്കുവാനുള്ള സത്വര നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ കാഷ്യൂ കോർപ്പറേഷന്റെ വെബ്സൈറ്റ് വഴിയും ആമസോൺ, ONDC, ഡിസ്ട്രിബ്യൂട്ടേഴ്സ്/ ഫ്രാഞ്ചൈസി മുതലായവ വഴിയും കേരളത്തിലുടനീളം വിപണി സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇതു കൂടാതെ വാൻസെയിൽസ്, ട്രേഡ്ഫെയർ, കോർപ്പറേറ്റ് സെയിൽസ്, മാർക്കറ്റ്ഫെഡ്, കൺസ്യൂമർ ഫെഡ്, സപ്ലൈകോ മുതലായവ വഴിയും കശുവണ്ടി പരിപ്പ് വിപണനം നടത്തുന്നു. കൺസ്യൂമർഫെഡിന്റെ ഔട്ട്‌ലെറ്റുകൾ വഴിയും വിപണനം വിപുലപ്പെടുത്തി.<br><br>വിപണന രംഗത്ത് കൂടുതൽ ഇടപെടുന്നതിനായി കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ (KSPMMWDC) മൺപാത്ര ഉൽപ്പന്നങ്ങൾക്കായി 'മൺകുരൽ' എന്ന ഓൺലൈൻ മാർക്കറ്റിംഗ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ഈ പോർട്ടൽ മുഖേന കളിമൺ ഉൽപ്പന്നങ്ങൾ വിപണിയിൽ കൂടുതൽ ആളുകളിലെത്തിക്കാനും പുതിയ വിപണിയിൽ പ്രവേശിക്കാനും കഴിയും. |
| (ഡി) | സംഭരണം, വിതരണം എന്നിവയുൾപ്പെടെ ആവശ്യമായ ലോജിസ്റ്റിക്സ് പിന്തുണ ഒരുക്കിക്കൊണ്ട് പരമ്പരാഗത വ്യവസായ മേഖലയുടെ ഉല്പന്നങ്ങൾക്ക് പുതിയ വിപണി കണ്ടെത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | **കരകൗശല** വികസന കോർപ്പറേഷൻ കേരളത്തിന്റെ തനതായ കരകൗശല ഉൽപ്പന്നങ്ങൾ കൂടുതൽ സംഭരിക്കുവാനും വിപണനം നടത്തുവാനും നടപടികൾ സ്വീകരിക്കുകയുണ്ടായി. ടൂറിസം ഉൾപ്പെടെയുള്ള വിവിധ സർക്കാർ വകുപ്പുകളുമായി സഹകരിച്ച കരകൗശല ഉൽപ്പന്നങ്ങൾ വിപണനം നടത്തു ന്നതിലേക്കുള്ള നടപടികൾ ആവിഷ്കരിച്ച വരുന്നു. |

കേരള സംസ്ഥാന **കയർ** കോർപ്പറേഷൻ, കയർഫെഡ്, പ്രാഥമിക കയർ സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് നിലവിൽ ലഭ്യമായ ഗോഡൗണുകൾ, ഷോറൂമുകൾ എന്നിവ സർക്കാർ ധനസഹായം വിനിയോഗിച്ച് വികസിപ്പിച്ചിട്ടുള്ളവയാണ്.

പുതിയ വിപണി കണ്ടെത്തുന്നതിനായി നടപടി സ്വീകരിച്ചതിന്റെ ഭാഗമായി കയർ കോർപ്പറേഷൻ അന്താരാഷ്ട്ര വ്യാപാര ശൃംഖലയായ വാൾമാർട്ടുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതോടൊപ്പം സർക്കാരിന്റെ E-commerce പോർട്ടലിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ഇതിലൂടെ പരമ്പരാഗത വ്യവസായങ്ങൾക്ക് കൂടുതൽ വിൽപന നടത്താനുള്ള അവസരം ഉണ്ടാക്കുന്നതാണ്.

**കൈത്തറി** വകുപ്പിന് കീഴിൽ കൈത്തറി ഉൽപ്പന്നങ്ങൾക്ക് പുതിയ വിപണി കണ്ടെത്തുന്നതിനായി ജില്ലാ ഹാൻഡ്‌ലൂം എക്സ്പോ, സ്റ്റേറ്റ് ഹാൻഡ്‌ലൂം എക്സ്പോ എന്നിവ സംഘടിപ്പിച്ചു വരുന്നു.

ഖാദി ഗ്രാമ വ്യവസായ ഉല്പന്നങ്ങളുടെ വിപണന പ്രവർത്തനത്തിന് ഖാദി ബോർഡിന്റെ കീഴിൽ എറണാകുളത്ത് സെൻട്രൽ ഗോഡൗൺ പ്രവർത്തിക്കുന്നുണ്ട്. സംഭരണം, വിതരണം എന്നിവയുൾപ്പെടെ ആവശ്യമായ ലോജിസ്റ്റിക്സ് പിന്തുണ ഒരുക്കിക്കൊണ്ട് പരമ്പരാഗത ഖാദി വ്യവസായ മേഖലയുടെ ഉല്പന്നങ്ങൾക്ക് പുതിയ വിപണി കണ്ടെത്തുന്നതിനായി ഖാദി ബോർഡ് നടപടികൾ സ്വീകരിക്കുന്നുണ്ട്. ഷോറൂമുകൾക്ക് പുറമേ എക്സിബിഷനുകൾ സംഘടിപ്പിച്ചും, ജർമനി, യു.എസ്., യു.എ.ഇ. തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് ഖാദി വസ്തുങ്ങൾ കയറ്റി അയച്ചും വിപണി വർദ്ധിപ്പിക്കുന്നു.

**കേരള കാഷ്യു ബോർഡ്** 2018-19 മുതൽ നാളിതുവരെയായി 74975.698 മെട്രിക് ടൺ തോട്ടണ്ടി വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്ത് കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും വില്പന നടത്തിയതിലൂടെ അവയുടെ അധീനതയിലുള്ള സംസ്കരണ ശാലകൾ പ്രവർത്തനക്ഷമമാക്കുവാനും അതുവഴി തൊഴിലാളികൾക്ക് തൊഴിൽ നൽകുവാനും സാധിച്ചു.

കശുവണ്ടി ഉല്പന്നങ്ങൾ ആഭ്യന്തര വിപണിയിൽ ലഭ്യമാകത്തക്ക വിധത്തിൽ **കാഷ്യു കോർപ്പറേഷൻ** കേരളത്തിലുടനീളം വിപണന ശൃംഖല

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി കോർപ്പറേഷൻ ഫാക്ടറികളിൽ ഇപ്പോൾ 18 ഔട്ട്ലെറ്റുകൾ സ്ഥാപിക്കുകയും അത് വഴി കശുവണ്ടി പരിപ്പും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വിപണനം നടത്തി വരുന്നു. ഇത് കൂടുതൽ ഫാക്ടറികളിലേക്ക് വ്യാപിപ്പിക്കു വാനുള്ള സത്വര നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>കാപെക്സിന്റെ ചെറുകിട വിൽപ്പന കാപെക്സ് ക്യാഷ്യൂസ് എന്ന ബ്രാൻഡിൽ വിറ്റഴിക്കപ്പെടുന്നു. പുതിയ വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പ്ലാറ്റ്ഫോം ONDC വഴി വില്പന നടക്കുന്നു. |

സെക്ഷൻ ഓഫീസർ